# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *238

17.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.അനിൽ അക്കര<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖല നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, കറവക്കാരുടെ അഭാവം, മൃഗചികിത്സാചെലവ്, തീറ്റപ്പുൽവളർത്തുന്നതിനാവശ്യമായ സ്ഥല പരിമിതി, ജനിതക മൂല്യങ്ങളിൽ വന്ന വ്യത്യാസം, കാലികളുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ്, ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞപാൽ കുറഞ്ഞവിലയ്ക്ക് കേരളത്തിൽ എത്തുന്നത് മൂലം തദ്ദേശീയരായ ക്ഷീരകർഷകർക്കും മിൽമ ഉൾപ്പെടെയുള്ള ക്ഷീരസഹകരണ പ്രസ്ഥാനങ്ങൾക്കുമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയാണ് ക്ഷീരമേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ.<br>ഈ പ്രതിസന്ധികളെ ഓരോന്നും മനസ്സിലാക്കി അത് പരമാവധി പരിഹരിക്കുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br>ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷിയ്ക്കായി തീറ്റപ്പുൽക്കടകൾ സൗജന്യമായി നൽകുന്നതിനു പുറമെ 15,500/- രൂപയുടെ ധനസഹായവും നൽകുന്നുണ്ട്. കൂടാതെ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി നടത്തി, ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന തീറ്റപ്പുല്ല് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>തീറ്റപ്പുൽകൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് അസോള, കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷവിളകൾ ഹൈഡ്രോപോണിക്സ് (വീടുകളിൽ തന്നെ മണ്ണില്ലാതെ ട്രേകളിൽ പുല്ല് വിത്തുകൾ പാകി പുല്ല് ഉല്പാദിപ്പിക്കുന്ന രീതി) എന്നിവയ്ക്കുള്ള സഹായവും നൽകുന്നു. |

കറവക്കാരുടെ കറവ് കണക്കിലെടുത്ത് അഞ്ചോ അതിലധികമോ കറവപശുക്കൾ വളർത്തുന്ന കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനായി കറവയന്ത്രത്തിന്റെ വിലയുടെ 50% പരമാവധി 25,000 രൂപ ധനസഹായമായി നൽകുന്നു.

ഉൽപ്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക മൂല്യമുള്ള കറവപശുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 1 പശു, 2 പശു, 5 പശു, 10 പശു യൂണിറ്റുകൾ നടപ്പിലാക്കുകയും അവയ്ക്ക് യഥാക്രമം 33,000, 66,000, 1,77,000, 3,66,000 രൂപയും ധനസഹായം നൽകുന്നു. കൂടാതെ ഉരുക്കളെ തദ്ദേശീയമായി ലഭ്യമാക്കുന്നതിനായി 100 കിടാരികൾ വീതമുള്ള കിടാരി പാർക്കുകളുടെ പദ്ധതിയും നടപ്പിലാക്കുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി, വിലകുറഞ്ഞ ഗുണനിലവാരം ഇല്ലാത്ത പാൽ അതിർത്തി പ്രദേശങ്ങളിൽ വിപണനം നടത്തുന്നത് ഒഴിവാക്കുന്നതിനായി പാൽ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി നിലവിൽ ആര്യങ്കാവ് (കൊല്ലം), മീനാക്ഷിപുരം (പാലക്കാട്) എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ് മൂലം ക്ഷീരകർഷകർ ഈ മേഖലയിൽ നിന്നും പിന്തിരിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഏതൊക്കെ തലത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത് എന്നറിയിക്കാമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരിക്കുന്നത്. ഇത് കാലിത്തീറ്റയുടെ വില വർദ്ധനവിന് ഇടയാക്കുന്നുണ്ട്. കാലിത്തീറ്റയുടെ വില അസംസ്കൃത വസ്തുക്കൾക്ക് ഉണ്ടാകുന്ന വില വർദ്ധനവിനനുസരിച്ചാണ് പുതുക്കി നിശ്ചയിക്കുന്നത്. ക്ഷീരവികസന വകുപ്പ് ഡയറക്ടർ അടക്കം അടങ്ങുന്ന വിലനിർണ്ണയ സമിതിയാണ് ഇത് നിശ്ചയിക്കുന്നത്. കർഷകർക്ക് അധികഭാരം പരമാവധി ഒഴിവാക്കത്തക്ക രീതിയിലാണ് വില നിർണ്ണയ സമിതി വില പുതുക്കി നിശ്ചയിക്കുന്നത്.

ക്ഷീരകർഷകർക്ക് പാലുല്പാദനത്തിൽ കാലിത്തീറ്റയുടെ വിലവർദ്ധനവ് ഉൾപ്പെടെയുള്ള വർദ്ധിച്ച ചെലവ് കണക്കിലെടുത്ത് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
2) തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സഹായം
3) അവശ്യാധിഷ്ഠിത സഹായം
4) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
5) യന്ത്രവത്കരണത്തിനുള്ള സഹായം
6) സമഗ്രഇൻഷ്വറൻസ് പദ്ധതി
7) ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്കുള്ള സഹായം

കൂടാതെ ക്ഷീരവികസന വകുപ്പ് ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന വർക്ക് ഒരു ലിറ്റർ

പാലിന് 4/- രൂപ വരെ കാലിത്തീറ്റ ഇൻസെന്റീവും നൽകി വരുന്നു.

(സി) കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കു- വാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കരട് നിയമം തയ്യാറാക്കി ആയതിന്മേൽ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുടർനടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ക്ഷീരമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി) ക്ഷീരമേഖലയിൽ യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന ക്ഷീര മേഖലയിലേയ്ക്ക് കടന്ന് വരുവാൻ താത്പര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ശാസ്ത്രീയ പശു പരിപാലനത്തിന് വേണ്ട പരിശീലനവും സംരംഭകത്വ പരിശീലനവും നൽകുന്നുണ്ട്. കൂടാതെ താത്പര്യമുള്ളവർക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ഫൈനാൻസിങ് ഉൾപ്പെടെയുള്ള സഹായവും വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായവും നൽകുന്നുണ്ട്.

ഈ മേഖലയിലേയ്ക്ക് കടന്നു വരുന്ന യുവജനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് 5 പശു യൂണിറ്റുകളും 10 പശു യൂണിറ്റുകളും നടപ്പിലാക്കുന്നത്. യന്ത്രവത്കരണത്തിൽ ഊന്നിയാണ് ടി പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**